ഉത്തരം

(എ) ഉണ്ട്. പരാതി റിപ്പോർട്ടിനായി പത്തനംതിട്ട ജില്ലാ പോലീസ് സൂപ്രണ്ടിനയച്ചുകൊടുത്തിട്ടുണ്ട്.

(ബി-ഇ) ഗിരീഷിന്റെ മരണം സംബന്ധിച്ച് യു/സി 174 സി.ആർ.പി.സി. പ്രകാരം പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ ക്രൈം 770/2000 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണത്തിൽ ടി ഗിരീഷ് തൂങ്ങിമരിച്ചതായി വെളിവായതിനാൽ തൂങ്ങിമരണമായി അടൂർ സബ് ഡിവിഷണൽ കോടതി മുൻപാകെ തീർച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

ഈശോ കെ. തോമസിനെ കാണാതായതായി പരാതി

92 (1027) ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്ക് ഉദ്യോഗസ്ഥനായിരുന്ന ഈശോ കെ. തോമസിനെ ദുരൂഹസാഹചര്യത്തിൽ കാണാതായത് സംബന്ധിച്ച് ഭാര്യ മോളമ്മയുടെ പരാതി തൊടുപുഴ പോലീസ് സ്റ്റേഷനിൽ ലഭിച്ചത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച് നടത്തിയ അന്വേഷണത്തിന്റെ പുരോഗതി ഏതു ഘട്ടത്തിൽ ആണെന്ന് വിശദമാക്കുമോ;

(സി) ഈശോ കെ. തോമസിന്റെ തിരോധാനം സംബന്ധിച്ച അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 31-5-2000-ത്തിൽ

(ബി) കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും ഈ കേസ് യു.എൻ. ആയി പരിഗണിച്ച് 30-11-2000-ത്തിൽ തെളിയേണ്ട പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.

(സി) കേസ് അന്വേഷണാവസ്ഥയിലാണ്.

സ്കൂൾ വിദ്യാർത്ഥിയെ മർദ്ദിച്ച സംഭവം

93 (1028) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ തഴവ കടത്തൂരിൽ ഒരു സ്കൂൾ വിദ്യാർത്ഥിയെ ഏതാനും ആൾക്കാർ മർദ്ദിച്ചത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് സംഘടനയുടെ ആൾക്കാർ മർദ്ദിച്ചതായാണ് പരാതി ലഭിച്ചത്;

(സി) പ്രതികൾ ആരാണ്; പ്രതികളെ അറസ്റ്റു ചെയ്തുവോ;

LIBRARY ARCHIVES Kerala Legislative Assembly